എൻജിനിയറിംഗ് കോളേജ്.

*166. MR. KALATHIL K. VELAYUDHAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിപറയുമോ ?

(എ) എൻജിനിയറിംഗ് കോളേജിൽനിന്നും ഫ്രഫസർ ഇടവ മാസത്തിനുശേഷം എത്ര പ്രഫസർമാർ, ലക്ചറർമാർ തുടങ്ങിയ അദ്ധ്യാപകന്മാർ സർവീസ് വിട്ടുപോയിട്ടുണ്ട് ?

(ബി) മദ്രാസ്, ബനാറിസ് എന്നിസ്ഥലങ്ങളിലെ എഞ്ചിനിയറിംഗ് കോളേജിലെ ശമ്പളസ്കെയിലുമായി താരതമ്യപ്പെടുത്തിനോക്കിയാൽ തിരുവിതാംകൂർ എഞ്ചിനിയറിംഗ് കോളേജിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളസ്കെയിൽ വളരെ കുറവാണോ ?

HON'BLE MR. N. KUNJURAMAN : (എ) പ്രൊഫസർ ഫ.
ലെക്ചറന്മാർ ഫ.

(ബി) അതെ. തിരുവിതാംകൂറിനു വെളിയിലുള്ള എൻജിനിയറിംഗ് കോളേജുകളുമായി താരതമ്യപ്പെടുത്തിയാൽ തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളസ്കെയിൽ കുറവാണ്.

MR. KALATHIL K. VELAYUDHAN NAIR : ശമ്പളക്കുറവുകൊണ്ടാണോ ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർ സർവീസിൽനിന്നും വിട്ട വെളിയിൽ ജോലിക്കുപോകുന്നത് ?

HON'BLE MR. N. KUNJURAMAN : ആയിരിക്കാം. ഫ പേർ ഇതിനകം വിട്ടുപോയിട്ടുണ്ട്.

MR. KALATHIL K. VELAYUDHAN NAIR: തിരുവനന്തപുരം എൻജിനിയറിംഗ് കോളേജു ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും മറ്റു എൻജിനീയറിംഗ് കോളേജുകളിലെ ശമ്പളത്തോടു പ്പെമാക്കാൻ ശ്രമിക്കുമോ ?

HON'BLE MR. N. KUNJURAMAN : അതിനെപ്പറ്റി ആലോചിക്കാം.

പബ്ലിക കാര്യം ആഫീസ്.

*167. MR. KALATHIL K. VELAYUDHAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടെലിഫോൺവകുപ്പുമന്ത്രി സദയം മറുപടിപറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly